മംഗളം
18 September 2017

# തീരനൈപുണ്യ: സ്ത്രീശാക്തീകരണത്തിന്റെ സി.എം.എഫ്.ആർ.ഐ. മാതൃക

കൊച്ചി: മൽസ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന തീരനൈപുണ്യ പദ്ധതി ശ്രദ്ധേയമാകുന്നു. തൊഴിൽ, ഉപരിപഠനം, വ്യക്തിത്വ വികസനം തുടങ്ങിയ മേഖലകളിൽ മൽസ്യത്തൊഴിലാളി വനിതാ സഹായ സംഘത്തിന്റെ സഹകരണത്തോടെ കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനം നടത്തുന്ന ബഹുമുഖ പരിശീലന പദ്ധതിയാണ് തീരനൈപുണ്യ. മൽസ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്കായി രണ്ടുമാസം സ്റ്റൈപ്പന്റോടുകൂടിയാണ് പരിശീലനം. ആദ്യത്തെ ഒരുമാസം ക്ലാസ്റൂം പരിശീലനവും അടുത്ത ഒരുമാസം അനുബന്ധ തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിൽ പരിശീലനവുമാണ്.

അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ മേഖലകൾ തിരിച്ചറിയാനും തൊഴിൽ ലഭ്യമാക്കാനും വനിതകളെ പരിശീലിപ്പിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ, ഉന്നത വിദ്യാഭ്യാസം നേടുന്നതിനും കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും സഹായം നൽകുന്നുണ്ട്. ഇതിനു പുറമേ സംരംഭകത്വം, വ്യക്തിത്വ വികസനം, നേതൃത്വപാടവം, ആശയവിനിമയം, മൽസര പരീക്ഷ പരിജ്ഞാനം തുടങ്ങിയ മേഖലകളിലും തീരനൈപുണ്യ പദ്ധതിയിൽ പരിശീലനം നൽകിവരുന്നു. ഇതുവരെ മൂന്നു ബാച്ചുകളാണ് തീരനൈപുണ്യ പദ്ധതിയുടെ കീഴിൽ സി.എം.എഫ്.ആർ.ഐയിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയത്. കഴിഞ്ഞ ജൂലൈ മുതൽ സെപ്റ്റംബർവരെയുള്ള തീരനൈപുണ്യ പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ 35 പേരാണ് സി.എം.എഫ്.ആർ.ഐയിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയത്. ക്ലാസ്റൂം പരിശീലനത്തിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആശുപത്രി, ഗവേഷണ സ്ഥാപനങ്ങൾ, ബിസിനസ് സംരംഭങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇവർക്ക് പരിശീലനം നൽകി. തീരനൈപുണ്യ മൂന്നാംബാച്ചിലെ ഏറ്റവും മികച്ച പരിശീലകയായി ടി.എം. നിബിഷയെ തെരഞ്ഞെടുത്തു. മൽസ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് സി.എം.എഫ്.ആർ.ഐ. തീരനൈപുണ്യ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നത്. തൊഴിൽ നേടാനും സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കാനുമുതകുന്ന രീതിയിൽ കഴിവുകൾ വികസിപ്പിക്കുന്ന തരത്തിലാണ് പരിശീലന പരിപാടി സംവിധാനിച്ചിട്ടുള്ളത്. രണ്ടുമാസത്തെ പരിശീലനം പൂർത്തിയാക്കിയതിനുശേഷവും തുടർപ്രവർത്തനങ്ങളിലും തൊഴിലന്വേഷണങ്ങളിലും പദ്ധതിയിൽ പങ്കാളികളായവർക്ക് സി.എം.എഫ്.ആർ.ഐ. സഹായം നൽകിവരുന്നുണ്ട്. മൽസ്യത്തൊഴിലാളി സമൂഹത്തിന്റെ ജീവിതനിലവാരം ഉയർത്താൻ വനിതകളുടെ ശാക്തീകരണം അനിവാര്യമാണെന്നതിനാലാണ് സി.എം.എഫ്.ആർ.ഐ. തീരനൈപുണ്യ പരിശീലന പരിപാടി നടപ്പിലാക്കിവരുന്നതെന്ന് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

സി.എം.എഫ്.ആർ.ഐയിലെ പ്രിൻസിപ്പൽ സയിന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീമാണ് തീരനൈപുണ്യ പദ്ധതിക്കു നേതൃത്വം നൽകുന്നത്. നാലാമത്തെ ബാച്ചിനുള്ള പരിശീലനം അടുത്ത ജനുവരിയിൽ ആരംഭിക്കും.